## പ്രസിദ്ധീകരണത്തിനുള്ള കുറിപ്പ്

## ലോക പാർപ്പിട ദിനം: 2018 ഒക്ടോബർ 1

## റീബിൽഡ് കേരള : *പ്രളയാനന്തര കേരളത്തിന്റെ പാർപ്പിട മേഖലയിലെ പുനർ നിർമ്മിതിക്ക് അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.*

**ലോക പാർപ്പിട ദിനത്തിന്റെ ഭാഗമായി സംസ്ഥാന ഭവന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രളയക്കെടുതിയിൽ പാർപ്പിടങ്ങൾ നഷ്ടപ്പെട്ടവ, കേടുപാടുകൾ പറ്റിയവ എന്നിവരുടെ സമഗ്ര പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണെന്ന് ഹൗസിംഗ് കമ്മീഷണർ അറിയിക്കുന്നു. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നീ രണ്ട് വിഭാഗങ്ങളിലായിട്ടാണ് പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നത്. പദ്ധതിയുടെ ആശയം (രണ്ട് പേജിൽ കവിയാതെ), 15 മിനിട്ടിൽ അവതരിപ്പിക്കാവുന്ന ഒരു പവർപോയിന്റ് പ്രസന്റേഷൻ, രൂപകൽപ്പന (ഡ്രോയിംഗ്) എന്നിവ ഉൾപ്പെടെയാണ് നിർദ്ദേശം സമർപ്പിക്കേണ്ടത്. ഓരോ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മികച്ച 3 നിർദ്ദേശങ്ങൾക്ക് 2018 ഒക്ടോബർ ഒന്ന് ലോക പാർപ്പിട ദിനത്തിൽ ക്യാഷ് അവാർഡ് ഉൾപ്പെടെ സമ്മാനങ്ങൾ നൽകുന്നതാണ്. നിർദ്ദേശങ്ങൾ ഹൗസിംഗ് കമ്മീഷണറുടെ ഇ-മെയിൽ വിലാസത്തിലോ, നേരിട്ടോ സെപ്റ്റംബർ 23 ന് മുൻപായി സമർപ്പിക്കാവുന്നതാണ്.**

***കൂടുതൽ വിവരങ്ങൾക്ക് താഴെക്കൊടുത്തിരിക്കുന്ന നമ്പറിലോ നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.***

**ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,**
**ഭവന നിർമ്മാണ (സാങ്കേതിക വിഭാഗം) വകുപ്പ്,**
**K.S.H.B. ബിൽഡിംഗ്, ശാന്തിനഗർ,**
**തിരുവനന്തപുരം - 695 001.**
**0471 – 2330720, 2331225**
**വെബ്സൈറ്റ്** : http://www.hsgcomr.kerala.gov.in/
**ഇ-മെയിൽ** : housingcommissioner@gmail.com

ഒപ്പ്/-
**ഹൗസിംഗ് കമ്മീഷണർ**